പതിമൂന്നാം കേരള നിയമസഭ
അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7160 | 16.07.2012ൽ മറുപടിയ്ക്ക്

## ചവറയിൽ ഇഗ്നോ സെന്റർ

| | ചോദ്യം<br>ശ്രീ. സാജു പോൾ | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| എ | ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി സതേൺ റീജിയണൽ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ; | എ | G.O.(Ms) 268/2011/RD dated 20.07.2011 പ്രകാരം വിതുരയിൽ 25 ഏക്കർ സ്ഥലം ഇഗ്നോയുടെ സതേൺ റീജിയണൽ കാമ്പസ് സ്ഥാപിക്കുന്നതിനായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2011 ആഗസ്റ്റ് 31 ന് ബഹു.രാഷ്ട്രപതി റീജിയണൽ സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള തറക്കല്ലിട്ടു. |
| ബി | 2011-12 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതു പ്രകാരം പ്രസ്തുത സെന്റർ കൊല്ലം ജില്ലയിലെ ചവറയിലാണോ സ്ഥാപിക്കുന്നത് എന്നറിയിക്കുമോ ; | ബി | അല്ല, തിരുവനന്തപുരം ജില്ലയിലെ വിതുരയിലാണ് സ്ഥാപിക്കുന്നത്. |
| സി | സെന്റർ മറ്റേതെങ്കിലും സ്ഥലത്താണ് ആരംഭിക്കുന്നതെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | സി | അഡ്മിനിസ്റ്റ്രേറ്റീവ് കാരണങ്ങളാൽ പ്രസ്തുത റീജിയണൽ സെന്റർ വിതുരയിലാണ് ആരംഭിക്കുന്നത്. |
| ഡി | സെന്ററിനായി ചവറയിൽ കണ്ടെത്തിയിരുന്നത് ഏത് സ്ഥലമാണെന്നും എത്ര ഏക്കർ ആയിരുന്നുവെന്നും വിശദമാക്കുമോ ; | ഡി | ചവറയിൽ 8 ഏക്കർ സ്ഥലമാണ് കണ്ടെത്തിയിരുന്നത്. |
| ഇ | സെന്റർ ചവറയിൽതന്നെ ആരംഭിക്കണമെന്ന് ആരെങ്കിലും നിർദ്ദേശിച്ചിരുന്നോ ; വ്യക്തമാക്കാമോ ; | ഇ | ഇല്ല |
| എഫ് | പ്രസ്തുത സെന്ററിനായി ഇതിനകം ലഭിച്ച ധനസഹായം എത്രയാണ് ; വ്യക്തമാക്കാമോ ? | എഫ് | ഇതുവരെ ധനസഹായം ഒന്നും തന്നെ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ